MR. K. SIVARAMA PILLAI: இந்தியாவிலிருந்துவாங்கும் நெல்லுக்கும் இங்கே வந்துசேருகிற நெல்லுக்கும் அளவில்வித்தியாசமுண்டா?

HON'BLE MR. A. THANU PILLAI: അതിനുത്തരം പറയണമെങ്കിൽ നോട്ടീസ് വേണം.

MR. P. K. KUNJU (*Karunagapalli II—Muslim Reserved*): തിരുവിതാംകൂറിലേക്ക് വരുത്തിയിട്ടുള്ളതൊ അല്ലെങ്കിൽ അലോട്ട് ചെയ്തിട്ടുള്ളതോ ആയ ഭക്ഷണസാധനങ്ങൾ വെളിക്ക് വിറ്റതായിട്ട് അറിയാമോ?

HON'BLE MR. A. THANU PILLAI: നോട്ടീസ് ഇല്ലാതെ മറുപടി പറയാൻ ഇപ്പോൾ സാധ്യമല്ല.

MR. P. K. KUNJU: അതിനെപ്പറ്റി ഒരു അന്വേഷണം ചെയ്യാൻ ഗവണ്മെന്റിനു ഉദ്ദേശമുണ്ടാകുമോ?

HON'BLE MR. A. THANU PILLAI: അതിനെപ്പറ്റി അന്വേഷിക്കാം.

MR. SREE V. DAS (*Kalkulam I—Hindu Nadar*): Settlement പാട്ടം കുറഞ്ഞ നിലമുള്ള ഉടമസ്ഥർക്കിടയിലിരുന്നും അരി കൊണ്ടുപോയ് ഇവർക്കാണ് റേഷൻ നെല്ല് വാങ്ങുന്നുണ്ട്. അപ്പോൾ അവർക്ക് കൂടുതൽ വില കൊടുത്തു വാങ്ങുവാൻ സൗകര്യമാ?

HON'BLE MR. A. THANU PILLAI: അതിനു നോട്ടീസ് വേണം.

MR. K. SIVARAMA PILLAI (*Thovala—General*): ഒരുപറ നെല്ല് മൂന്നു രൂപായ് നാലണവാങ്ങി വിൽക്കപ്പെടുന്നു കൂടുതൽ എന്നു തെറ്റിയുമാ?

HON'BLE MR. A. THANU PILLAI: മെമ്പർ ചോദിക്കുന്ന ഉപചോദ്യം നമ്പർ ചോദ്യത്തിന്റെ പരിധിയിൽപ്പെടുന്നതല്ല. അതുകൊണ്ടു നോട്ടീസ് കൂടാതെ ഉത്തരം പറയാൻ നിവർത്തിയില്ല.

MR. K. K. CHELLAPPAN PILLAI (*Mavelikkara II—General*) ഇൻഡ്യയിലെ മറ്റു പ്രവിശ്യകളിൽ അരിയുടെ റേഷൻവില തിരുവിതാംകൂറിനെ അപേക്ഷിച്ച് കുറവാണെന്നറിയുമോ?

HON'BLE MR. A. THANU PILLAI: കുറഞ്ഞ വിലയ്ക്ക് അരി അവിടങ്ങളിൽ കിട്ടുന്നതുകൊണ്ട് കുറഞ്ഞ വിലക്ക് അവിടെ വിൽക്കാനും സാധിക്കും.

Freedom of movement of paddy and rice.

67. MR. N. V. CHACKO (*Kunnatnad III General*): Will the Honourable Minister for Food be pleased to state whether the Government are aware that there is a statewide demand for freedom of movement of paddy and rice that have been permitted to be retained for the cultivators' use or consumption?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. THANU PILLAI : ഇല്ല.

MR. N. V. CHACKO : കുട്ടനാടൻപ്രദേശങ്ങളിലുള്ള കർഷകർ തങ്ങളുടെ കൃഷിക്കു വേണ്ടി നെല്ലും വിത്തും മറ്റും കൊണ്ടുപോകണമെങ്കിൽ പെർമിറ്റ് വേണമെന്നറിയാമോ?

HON'BLE MR. A. THANU PILLAI: അതിനു ഉത്തരം പറയണമെങ്കിൽ മുൻകൂട്ടി നോട്ടീസ് വേണം.

MR. N. V. CHACKO : ഈ ചോദ്യം കൊണ്ടു തന്നെ അങ്ങനെ ഒരു സംഗതി നടപ്പിലിരിക്കുന്നു എന്നറിയാമോ?

HON'BLE MR. A. THANU PILLAI: അങ്ങിനെ അറിയാമെങ്കിൽ ഈ ചോദ്യത്തിന്റെ ആവശ്യമില്ലായിരുന്നല്ലൊ.

MR. MOHAMMED MUSTAFA : നെല്ലിന്റെയും അരിയുടെയും കാര്യത്തെ സംബന്ധിച്ച് ഗവണ്മെൻറിന്റെ ഭാവിനയമെന്തായിരിക്കുമെന്നു പറയാമോ?

HON'BLE MR. A. THANU PILLAI : ഡിക്കൺട്രോൾ ഏർപ്പെടുത്തുമെന്നു വിചാരിക്കുന്നു.

MR. SREE V. DAS : ஒரு தாலூகாவிலிருந்து தங்களது சொந்த நிலத்திற்கு விதை கொண்டுபோக பர்மிட் வேண்டுமா?

HON'BLE MR. A. THANU PILLAI : പ്രത്യേകിച്ചു അന്വേഷണംകൊടുക്കും.

MR. K. SIVARAMA PILLAI: ஒரே தாலூகாவிலுள்ள இடங்களுக்கு பர்மிட் இல்லாமல் கொண்டுபோகலாமா?

HON'BLE MR. A. THANU PILLAI: പെർമിഷൻ വേണം.

MR. P. KUNJUKRISHNAN *(Quilon II—General)* : സെറ്റിൽമെൻറു പാട്ടം അളന്ന് എടുത്തതിനുശേഷം ബാക്കി വരുന്ന നെല്ലുംകൂടി എടുക്കുന്നതിനു വല്ല വ്യവസ്ഥയും ഗവണ്മെൻറു ചെയ്തിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : ബാക്കി വരുന്നനെല്ലു മുഴുവൻ ഗവണ്മെൻറിനെ ഏല്പിക്കണമെന്നാണ്.

MR. P. T. CHACKO *(Kottayam II—General)*. ഇടുക്കി അരിയിൽ കൂടുതൽ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേയ്ക്കു കൊണ്ടുപോകാൻ പാടില്ലെന്നു ഗവണ്മെൻറിൽ നിന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതിനെ സംബന്ധിച്ച് പൊതുജനങ്ങളുടെയിടയിൽ എന്തു മനോഭാവമാണുള്ളതെന്ന് അറിയാമോ?

HON'BLE MR. A. THANU PILLAI : നല്ല മനോഭാവമാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly